പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3222 — 19-06-2019-ലെ മറുപടിയ്ക്ക്

## വയനാട്ടിലെ കർഷക ആത്മഹത്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട്ടിലെ പനമരം പഞ്ചായത്തിൽ വി.ഡി. ദിനേശ്കുമാർ എന്ന കർഷകൻ ആത്മഹത്യ ചെയ്തതിന് കാരണം കാർഷിക ലോൺ തിരിച്ചടയ്ക്കുവാൻ സാധിക്കാത്തതുമൂലമുള്ള മാനസികബുദ്ധിമുട്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ടിയാൻ പനമരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3,67,410/- രൂപയും, കാനറാ ബാങ്ക് പനമരം ശാഖയിൽ നിന്നും 28,000/- രൂപയും, പനമരം കാർഷിക വികസന ബാങ്കിൽ നിന്നും ഹൗസിംഗ് ലോണായി 5,00,000/- രൂപയും, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് പനമരം ശാഖയിൽ നിന്നും 78,533/- രൂപയും വായ്പ എടുത്തിട്ടുള്ളതായും ലോണുകൾ അടച്ചു തീർക്കാൻ കഴിയാത്തതിനാൽ ടിയാൻ മാനസിക സമ്മർദ്ദം അനുഭവിച്ചിരുന്നതായി ടിയാന്റെ കുടുംബാംഗങ്ങളിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് വയനാട് എം.പി കത്ത് നൽകിയിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. അപേക്ഷയിൻമേൽ വയനാട് ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രാഥമിക റിപ്പോർട്ട് കണക്കിലെടുത്ത് കുടുംബത്തിന് ധനസഹായം നൽകുന്ന വിഷയം റവന്യൂ വകുപ്പ് പരിശോധിച്ച് വരികയാണ്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത കർഷകന്റെ കുടുംബത്തിന് ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ